**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5417** **15-03-2023 - ൽ മറുപടിയ്ക്ക്**

**ഇന്റർവ്യൂ ബോർഡുകളുടെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഇന്റർവ്യൂ ബോർഡുകൾ ഉദ്യോഗാർത്ഥികൾക്ക് മാർക്ക് നൽകുന്നതിലെ നടപടികൾ സ്വയം വിശദീകരിക്കുന്നവയും സുതാര്യവുമാണെന്ന് സർവകലാശാലകൾ ഉറപ്പുവരുത്തണമെന്ന് വിവരാവകാശ കമ്മീഷൻ ഉത്തരവാകുകയുണ്ടായോ;വ്യക്തമാക്കുമോ; | (എ) | സ്ക്രീനിംഗ് കമ്മിറ്റികളും ഇൻറർവ്യൂ ബോർഡുകളും ഉദ്യോഗാർത്ഥികൾക്ക് സ്കോർ അനുവദിച്ച് നൽകുമ്പോൾ വിവിധ ക്രൈറ്റീരിയകളിൽ വിവിധ കാറ്റഗറികളിൽ എത്ര സ്കോർ വീതം അനുവദിച്ചു എന്നും ഓരോ ക്രൈറ്റീരിയയിലും ആകെ സ്കോർ എത്രയാണെന്നും നിയമനാധികാരിയെ രേഖാമൂലം അറിയിക്കുന്നത് ഇൻറർവ്യൂ ബോർഡിനെ കൂടുതൽ വിശ്വാസയോഗ്യമാക്കുമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് മഹാത്മാഗാന്ധി സർവ്വകലാശാല അധികൃതർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്ന ഒരു നിർദ്ദേശം സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ അദ്ധ്യാപക നിയമനത്തിലെ ഒരു അപേക്ഷകയായ ഡോ. ശ്രീവൃന്ദ നായർ നൽകിയ RTI 2005 അപ്പീൽ പരാതി തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ നൽകിയിട്ടുണ്ട്. |
| (ബി) | എം.ജി.സർവകലാശാലയിലെ പ്രൊഫസർ, അസിസ്റ്റൻറ് പ്രൊഫസർ നിയമനങ്ങളിൽ സ്ക്രീനിങ് കമ്മിറ്റിയും ഇന്റർവ്യൂ ബോർഡും നൽകിയ മാർക്കിലെ വിശദാംശം തേടിയ വിദ്യാർഥിനിയുടെ പരാതിയിന്മേൽ ആണോ കമ്മീഷൻ ഇത്തരമൊരു നടപടി സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കുമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | ഈ ഇൻറർവ്യൂവിൽ പങ്കെടുത്ത പതിനാല് പേരിൽ പന്ത്രണ്ട് പേരെയും ഇന്റർവ്യൂ ബോർഡും സ്ക്രീനിങ് കമ്മിറ്റിയും അയോഗ്യരാക്കുകയുണ്ടായോ; എങ്കിൽ ഇവരെ അയോഗ്യരാക്കിയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) | ഇല്ല. സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് നടത്തിയ ഇൻറർവ്യൂവിൽ പങ്കെടുത്ത ആരെയും അയോഗ്യരാക്കിയിട്ടില്ല. എന്നാൽ ഉദ്യോഗാർത്ഥികൾ സമർപ്പിച്ചിരുന്ന അപേക്ഷയും അനുബന്ധ രേഖകളും സെലക്ഷൻ കമ്മിറ്റി പരിശോധിക്കുകയും യു.ജി.സി റെഗുലേഷൻസ് 2010 ലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട മിനിമം യോഗ്യതകൾ പാലിക്കാതിരുന്ന 12 അപേക്ഷകരെ ഒഴിവാക്കുകയും ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| | | | യോഗ്യതകൾ പാലിച്ച രണ്ട് അപേക്ഷകരാണ് ഇൻററർവ്യൂവിൽ പങ്കെടുക്കുന്നതിനായി യോഗ്യത നേടിയത്. |
| (ഡി) | ഇന്റർവ്യൂ ബോർഡിന്റെ നടപടി സുതാര്യമല്ലെന്ന് നിരീക്ഷിച്ച കമ്മീഷൻ സ്കോർ ഷീറ്റ് രേഖപ്പെടുത്തുമ്പോൾ മാർക്കിന്റെ വിശദാംശം തരംതിരിച്ച് രേഖപ്പെടുത്തണമെന്ന് ഉത്തരവിടുകയുണ്ടായോ;വ്യക്തമാക്കുമോ; | (ഡി) | സ്ക്രീനിംഗ് കമ്മിറ്റികളും ഇൻററർവ്യൂ ബോർഡുകളും ഉദ്യോഗാർത്ഥികൾക്ക് സ്കോർ അനുവദിച്ച് നൽകുമ്പോൾ വിവിധ ക്രൈറ്റീരിയകളിൽ വിവിധ കാറ്റഗറികളിൽ എത്ര സ്കോർ വീതം അനുവദിച്ചു എന്നും ഓരോ ക്രൈറ്റീരിയയിലും ആകെ സ്കോർ എത്രയാണെന്നും നിയമനാധികാരിയെ രേഖാമൂലം അറിയിക്കുന്നത് ഇൻററർവ്യൂ ബോർഡിനെ കൂടുതൽ വിശ്വാസയോഗ്യമാക്കുമെന്നും സർവ്വകലാശാല അധികൃതർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് എന്നുമാണ് സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് നൽകിയിരുന്ന അപ്പീൽ പരാതി തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ നിർദ്ദേശിച്ചത്. |
| (ഇ) | എങ്കിൽ സംസ്ഥാനത്തെ സർവകലാശാലകളിലേക്കുള്ള ഇന്റർവ്യൂകൾ കുറ്റമറ്റതും സുതാര്യവും ആക്കി മാറ്റുന്നതിന് എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ? | (ഇ) | അതത് കാലങ്ങളിൽ പ്രാബല്യത്തിലുള്ള യു.ജി.സി. റെഗുലേഷൻസിലെ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് നിയമനനടപടികൾ നടത്തുന്നതിന് സർവ്വകലാശാലകൾ ശ്രദ്ധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ